4. നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉയർന്ന വാഹകശേഷിയുള്ള പുതുനിര ചാലകങ്ങൾ വലിച്ച് പ്രസരണ ശൃംഖല ബലപ്പെടുത്തുക.

കൂടാതെ, ഉയർന്നുവരുന്ന ഉപഭോഗം കണക്കിലെടുത്ത്, പുതിയ സബ് സ്റ്റേഷനുകളും, അനുബന്ധ ലൈനുകളും 400/220/110 കെ. വി. തലത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വർഷം തോറും പുറപ്പെടുവിക്കുന്ന ARR&ERC പെറ്റീഷൻ മേലുള്ള ഉത്തരവിൽ പ്രസരണ-വിതരണ നഷ്ടം കറയ്ക്കുന്നതിനുള്ള ടാർജറ്റ് നിജപ്പെടുത്തി നൽകാറുണ്ട്. പ്രസ്തുത കാര്യത്തിന് പ്രത്യേകമായ ഫണ്ടൊന്നും അനുവദിക്കാത്തതിനാൽ ഈയിനത്തിൽ നഷ്ടം ഒന്നും തന്നെ കണക്കാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിക്കുന്ന ട്രൂയിംഗ് അപ് പെറ്റീഷൻ കമ്മീഷൻ പരിശോധിച്ച് ഉത്തരവിറക്കുമ്പോൾ, പ്രസ്തുത പ്രസരണ-വിതരണ നഷ്ടത്തിന്റെ ടാർജറ്റ് കൈവരിക്കാനാകാത്ത വർഷങ്ങളിൽ, ആ വർഷത്തെ യഥാർത്ഥ വൈദ്യുതി വാങ്ങൽ ചെലവിൽ നിന്ന് പ്രസ്തുത ടാർജറ്റ് കൈവരിക്കാത്തതു കാരണം വാങ്ങേണ്ടി വന്ന അധിക വൈദ്യുതിയുടെ ആനുപാതികമായ തുക കമ്മീഷൻ വെട്ടിക്കുറയ്ക്കാറുണ്ട്. 2011-12, 2012-13 വർഷങ്ങളിലെ ട്രൂയിംഗ് അപ് പെറ്റീഷനുമേൽ ഉത്തരവിറക്കാത്തതിനാൽ ഈയിനത്തിൽ എത്ര നഷ്ടം വരുമെന്ന് നിജപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

വൈദ്യുതി ഉൽപ്പാദന സ്രോതസ്സുകൾ

71 (438) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിക്കപ്പെട്ട വൈദ്യുതി ഉൽപാദന സ്രോതസ്സുകൾ ഏതെല്ലാമാണ് ; ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ഉൽപ്പാദനം ആരംഭിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ താഴെപ്പറയുന്ന സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതി	സ്ഥാപിത ശേഷി
1.	പാലക്കാട് കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ട്സ്) സബ്സ്റ്റേഷൻ പരിസരത്ത്	1 MW
2.	പാലക്കാട് ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ	0.096 MW
3.	പെരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050 MW
	ആകെ	1.146 MW

ഇതുകൂടാതെ ഉപഭോക്താക്കളുടെ സൗരോർജ്ജ പാനലുകൾ വൈദ്യുതി ലൈനുമായി ബന്ധിപ്പിക്കുന്ന പദ്ധതിയും നടന്നുവരുന്നു.

സൗരോർജ്ജോത്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ് 10000 സൗരഗൃഹ മേൽക്കൂര പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത വൈദ്യുത പദ്ധതി എന്നിവ.

10 മെഗാവാട്ട് സ്ഥാപിതശേഷി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ മേൽക്കൂര പദ്ധതി വഴി നാളിതുവരെയായി 8 മെഗാവാട്ടിലധികം സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിടുന്ന സോളാർ കണക്ട് പദ്ധതി വഴിയുള്ള പവർ പ്ലാന്റുകളുടെ പ്രതിഷ്ഠാപനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ അനെർട്ടിന്റെ മേൽനോട്ടത്തിൽ ഡെപ്പോസിറ്റ്/ ഡെമോൺസ്ട്രേഷൻ സ്കീമുകളിൽ ഉൾപ്പെടുത്തി സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363.0 കിലോവാട്ട് സ്ഥാപിതശേഷിയുള്ള വിവിധ സൗരോർജ്ജ പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly